**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | **മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും, 2024 ഏപ്രിൽ മാസത്തിലും, 2024 മെയ് മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്.** |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി ഏതൊക്കെ സെസുകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം നൽകുമോ; | (ബി) | കേരള Finance Act 2023 പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് ( Finance Act 2023 പ്രകാരം ) സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഈടാക്കാൻ തുടങ്ങിയത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ നിരക്കിലാണ് സെസ് ഏർപ്പെടുത്തിയത്. 500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഒരു ബോട്ടിലിന് 20/- രൂപ നിരക്കിലും 1000/- രൂപയ്ക്ക് മുകളിലോട്ട് വില വരുന്ന മദ്യത്തിന് ബോട്ടിലിന് 40 /- രൂപ നിരക്കിലുമാണ് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ് ഏർപ്പെടുത്തിയതിനു ശേഷം നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന വിശദാംശം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ? | (സി) | 2023-24 മുതൽ നാളിതുവരെ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തുക കോടിയിൽ<br><br>പെട്രോളിയം ഉൽപ്പന്നങ്ങളിൽ ചുമത്തപ്പെട്ടുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് (ഫിനാൻസ് ആക്ട -2023 പ്രകാരം) |

| | |
|---|---|
| 2023-24 * | 2024-25 *(2024 മെയ് 31 വരെ ) |
| 954.32 | 96.61 |

*provisional

സെക്ഷൻ ഓഫീസർ